30 ജൂലൈ 2025 ബുധനാഴ്ച
1200 കർക്കടകം 14

COUNCIL OF CBSE SCHOOLS KERALA

Reg. Office : Vikram Sarabhai Science Park,
Reg. No: EKM/TC/376/2019, Plot No.10/870 Thengode P. O.,
Kakkanad, Kochi – 682030
Email: ccskmail@gmail.com Ph: 0484-2523898

**മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ഇന്ന് ഒരു വർഷം പിന്നിടുന്നു. ദുരന്ത ഭൂമിയിലൂടെ സി.സി.എസ്.കെ നടത്തിയ യാത്ര.**

# വിഷാദ സ്മൃതി ഉള്ളുലഞ്ഞ ഒരാണ്ട്



കൗൺസിൽ ഓഫ് സി.ബി.എസ്.ഇ സ്കൂൾസ് കേരള ഭാരവാഹികൾ നാഷണൽ സെക്രട്ടറി ജനറൽ ഡോ. ഇന്ദിര രാജന്റെ നേതൃത്വത്തിൽ വയനാട്ടിൽ

## വയനാടിന്റെ ഈ ഹരിതഭൂമികൾക്ക് ഇന്നും ഓർമ്മകളുടെ വേദന

**ഡോ. ഇന്ദിര രാജൻ**
സെക്രട്ടറി ജനറൽ
നാഷണൽ കൗൺസിൽ ഓഫ്
സി.ബി.എസ്.ഇ സ്കൂൾസ്

2024 ജൂലൈ 30ന്റെ പകലു പുലരുമ്പോൾ പ്രകൃതിയുടെ സംഹാര താണ്ഡവത്താൽ ഉറങ്ങിക്കിടന്നവരെ ഉണർത്താതെ ഉറക്കത്തിലേക്ക് തിരിച്ചയച്ചു.

അന്ന് പൊലിഞ്ഞത് 296 മനുഷ്യ ജീവനുകൾ ഇന്ന് ഇവിടെ മനുഷ്യരില്ല. പുഞ്ചിരി മട്ടം, മുതൽ ചൂരൽ മല വരെ ഗർത്തങ്ങളും ഇടയിൽ നീർച്ചാലുകളും.

പാതി മുറിച്ചെടുത്തത് പോലെയുള്ള വീടുകൾ, കുത്തൊഴുക്കിൽ കണ്ണു കാണാതെ തിരിഞ്ഞും വളഞ്ഞും ഒഴുകിയെന്ന് സാക്ഷ്യപ്പെടുത്തുന്ന ആഴങ്ങൾ, നീർച്ചാലുകൾ, മുണ്ടക്കൈ പള്ളിയുടെ രണ്ടാം നിലയിൽ ചെളി വാരിയെറിഞ്ഞ ഉരുൾ, മൺകൂനകൾ, ഓരോ കാഴ്ചയും ദുരന്തത്തിന്റെ മുറിവുകൾ.

താലോലിച്ചു വളർത്തിയ പൊന്നു മക്കളുടെ, പ്രാണപ്രേസിയുടെ, അച്ഛനമ്മമാരുടെ, പ്രിയ ഭർത്താവിന്റെ എന്നെന്നേക്കുമായി ഉള്ളവേർപാട് ഉറ്റവരുടെയും ഉടയവരുടെയും ഉള്ളിൽ തീരാത്തതേങ്ങലായി.

മണ്ണിൽ പടുത്ത വീടുകളിൽ മതിയാവോളം ജീവിച്ച് തീരാതെ മണ്ണിൽ തന്നെ അടക്കം ഒരുക്കി മല പിളർന്നു ഒഴുകിയപ്പോഴാണ് ഈ ഭൂമി വിലാപഗീതമാകുന്നത്.

ഇന്ന് ഒരു വർഷം പിന്നിട്ടിട്ടും ദുരന്തഭീതി മനുഷ്യഹൃദയത്തിൽ നിന്നും മായുന്നില്ല. ചെളി മൂടിയ പാതകളിലൂടെ, പുതിയ ചങ്ങാതികളെ തേടി കാറ്റും മഴയും വീണ്ടും ഈ ഭൂമിയിലേക്ക് മടങ്ങുന്നു.

ഈ വിലാപഭൂമിയിലൂടെയുള്ള ഞങ്ങളുടെ യാത്രയിൽ ഞങ്ങളോടൊപ്പം ചേർന്നവരുടെ കദനാനുഭവങ്ങൾ ഉള്ളുലയ്ക്കുന്നതായിരുന്നു. ജീവനോടെ ബാക്കിയുള്ളവർ പുതിയൊരു തുടക്കം കണ്ടെത്താൻ, മണ്ണിൽ വീണ വിത്തുപോലെ വീണ്ടും മുളപ്പാൻ ശ്രമിക്കുന്നു.

കുട്ടികളുടെ വിദ്യാഭ്യാസം തടയാതിരിക്കാൻ, പുതിയ വീടുകൾ പണിയാൻ, പുതുതായി സ്നേഹം വിതറാൻ – ഇതാണ് നമ്മുടെ ഉത്തരവാദിത്തം. അതിനായി കൗൺസിൽ ഓഫ് സി.ബി.എസ്.ഇ സ്കൂൾസ് കേരളയുടെ 'സ്നേഹപൂർവ്വം പദ്ധതി' ആരംഭിച്ചു.

ദുരന്താനുഭവത്തിൽ മനുഷ്യർ ഒരേ സാഹോദര്യത്താൽ ബന്ധിതരായി മാറുന്നു. ജാതിബോധവും മതബോധവും മിഥ്യയാണെന്ന് ഇത് നമ്മെ പഠിപ്പിക്കുന്നു.

ഈ ഓർമ്മ, ഓരോ വ്യക്തിയിലും കരുണയും സഹനവും സേവനവും വളർത്താൻ ഇടയാകട്ടെ.

### AN APPEAL

05/08/2024

As the CBSE educational fraternity, it is our collective duty to extend a helping hand to our fellow citizens in times of crisis, **we request all schools to contribute generously towards this noble cause of rehabilitation by seeking the combined efforts of the CBSE fraternity**, Once rescue operations have stabilized, we will initiate Phase 2 of our relief efforts, focusing on providing essential support to rebuild lives after the disaster with the combined efforts of CBSE school authorities, staff, students, and parents.

Exclusive CCSK Executive Committee in the meeting held on **4th August 2024** has decided to

1. **Construction of Houses:** **We plan to build 10 houses for the landslide victims, each costing between 17 to 20 lakhs, complete with necessary facilities. This will help provide the affected families with secure and stable living conditions.**
2. **Educational Scholarships and Accommodation:** **CCSK will provide educational scholarships, including accommodation, for children from the affected region in any of our member CBSE schools. This initiative aims to ensure that the children's education is not disrupted due to the disaster.**

# ഹൃദയപൂർവം വയനാട് ജനതക്കൊപ്പം സി.സി.എസ്.കെ

കേരളത്തിന്റെ കണ്ണീരായി മാറിയ വയനാട് ദുരന്തത്തിൽ സാന്ത്വനമായി ഹൃദയപൂർവം പദ്ധതിക്ക് തുടക്കം കുറിച്ച് കൗൺസിൽ ഓഫ് സി.ബി.എസ്.ഇ സ്കൂൾസ് കേരള (സി.സി.എസ്.കെ). സമൂഹത്തോടും മനുഷ്യരോടുമുള്ള സ്നേഹവും കരുതലും പ്രതിബദ്ധതയും ആവർത്തിക്കുകയാണ് സംസ്ഥാനത്തെ സി.ബി.എസ്.ഇ സ്കൂൾ മാനേജ്മെന്റുകളുടെ സംഘടനയായ കൗൺസിൽ ഓഫ് സി.ബി.എസ്.ഇ സ്കൂൾസ് കേരള.

ജനിച്ചുവളർന്ന വീടും കൃഷിഭൂമിയും കുടുംബാംഗങ്ങളും ഉൾപ്പെടെ ഒറ്റരാത്രി കൊണ്ട് നഷ്ടപ്പെട്ടവർ. സകലതും നഷ്മായതിന്റെ വേദനയും വിഷമങ്ങളും ഇനിയും മാറിയിട്ടില്ലാത്ത നൂറുകണക്കിനുപേർ. സ്കൂളുകളിൽ പഠിച്ചിരുന്ന കുരുന്നുകളുടെ ഉൾപ്പെടെ ജീവൻ നഷ്ടമായവർക്ക് കാരുണ്യത്തിന്റെ കൈനീട്ടുകയാണ് കൗൺസിൽ.

ഉരുൾപൊട്ടലിൽ ഉറ്റവരെയും വീടുകളും സ്വത്തുക്കളും കൃഷിയിടങ്ങളും നഷ്ടമാകുകയും ജീവിതമാർഗം ഇല്ലാതാകുകയും ചെയ്തവരും ദുരന്തം പരോക്ഷമായി ബാധിച്ചവരുമുണ്ട്. അവരെയും ചേർത്തുനിർത്തുകയെന്ന ലക്ഷ്യത്തിലാണ് തുടർപഠനം ആശങ്കയിലായ വിദ്യാർത്ഥികൾക്ക് കൗൺസിൽ ആദ്യം സഹായം എത്തിക്കുന്നത്. അർഹരെന്ന് കണ്ടെത്തിയ 42 വിദ്യാർത്ഥികളുടെ മുഴുവൻ പഠനച്ചെലവും കൗൺസിൽ ഏറ്റെടുത്തു. മികച്ച സൗകര്യങ്ങളിൽ സി.ബി.എസ്.ഇ സ്കൂളിൽ തടർപഠനം ഉറപ്പാക്കും. കൗൺസിൽ അംഗം കൂടിയായ മേപ്പാടി മൗണ്ട് ടാബോർ ഇംഗ്ളീഷ് സ്കൂളിലെ വിദ്യാർത്ഥികളുടെ പഠനമാണ് ഏറ്റെടുത്തത്. അതുവഴി കുട്ടികളുടെ ഭാവിജീവിതം ഭദ്രമാക്കുകയെന്ന ബൃഹത് ദൗത്യമാണ് കൗൺസിൽ ഏറ്റെടുത്തത്.

സംഘടനയുടെ പ്രവർത്തനമേഖല എന്ന നിലയിലാണ് വിദ്യാഭ്യാസകാര്യത്തിന് പ്രാധാന്യം നൽകാൻ തീരുമാനിച്ചതെന്ന് കൗൺസിൽ ഓഫ് സി.ബി.എസ്.ഇ സ്കൂൾസ് കേരള പ്രസിഡന്റും ഭാരതീയ വിദ്യാഭവൻ ഡയറക്ടറുമായ ഇ. രാമൻകുട്ടി വാര്യർ പറഞ്ഞു. സംഘടനയ്ക്ക് കഴിയുന്ന എളിയസേവനമെന്ന നിലയിലാണ് ദൗത്യം ഏറ്റെടുത്തതെന്ന് ഭാരവാഹികൾ പറഞ്ഞു.

സ്ഥലവും വീടും നഷ്ടപ്പെട്ടവർക്ക് വീടു നിർമ്മിച്ചു നൽകുകയാണ് മറ്റൊരു പദ്ധതി. അഞ്ചു വീടുകളാണ് നിർമ്മിക്കുക. അനുയോജ്യമായ സ്ഥലം കണ്ടെത്തി വീട് നിർമ്മിക്കാനുള്ള നടപടികൾ കൗൺസിൽ ആരംഭിച്ചുകഴിഞ്ഞു. 17 മുതൽ 22 ലക്ഷം വരെ രൂപയാണ് ഓരോ വീടുകൾക്കും ചെലവ് പ്രതീക്ഷിക്കുന്നതെന്ന് കൗൺസിൽ ജനറൽ സെക്രട്ടറി സുചിത്ര ഷൈജിന്ത് പറഞ്ഞു.



*വയനാട്ടിൽസി.സി.എസ്.കെ നിർമ്മിച്ച നൽകുന്നവീടുകളുടെ മാതൃക*

മുണ്ടക്കൈ ഉൾപ്പെടെ പ്രദേശങ്ങൾ കൗൺസിൽ ഭാരവാഹികൾ ഒന്നിലേറെ തവണ സന്ദർശിച്ചിരുന്നു. രക്ഷപെട്ടവർ, പ്രദേശവാസികൾ, അധികൃതർ തുടങ്ങിയവരുമായി ചർച്ച നടത്തി വിവരങ്ങൾ മനസിലാക്കി. വിദ്യാർത്ഥികളുടെ പഠനവുമായി ബന്ധപ്പെട്ട് സ്കൂൾ അധികൃതരുമായും ചർച്ച നടത്തിയാണ് ഹൃദയപൂർവം പദ്ധതി ആവിഷ്കരിച്ചത്. പദ്ധതിക്ക് വേണ്ട മുഴുവൻ ചിലവും കൺസിൽ അംഗങ്ങളായ സ്കൂളുകളാണ് വഹിക്കുന്നതെന്ന് കൗൺസിൽ മേഖലാ പ്രസിഡന്റ് ഫാ. ജോണി കാഞ്ഞിരത്തിങ്കൽ (ദേവഗിരി പബ്ളിക് സ്കൂൾ) പറഞ്ഞു.

ദുരന്തങ്ങളിലെന്നും ഇത്തരം സഹായങ്ങൾ കൗൺസിൽ നൽകിയിട്ടുണ്ട്. കേരളത്തെ വിറപ്പിച്ച മഹാപ്രളയങ്ങൾ, കൊവിഡ് മഹാമാരി തുടങ്ങിയ ഘട്ടങ്ങളിൽ കൈയും മെയ്യും മറന്നുള്ള സേവനങ്ങളിൽ കൗൺസിൽ ഒഫ് സി.ബി.എസ്.ഇ സ്കൂൾസ് കേരള പ്രവർത്തിച്ചിരുന്നു.



**വെയിലിന്റെയും മഴയുടെയും ഇടയിൽ ഇനിയും നിലനിൽക്കുന്ന അവശിഷ്ടങ്ങൾ. മണ്ണിനടിയിൽ ഉറങ്ങുന്നവരുടെ ഓർമ്മയിൽ ഞങ്ങളുടെ പ്രാർത്ഥന ഈ മണ്ണ് നെഞ്ചോട് ചേർത്തിരിക്കുന്നു. ജാതിയും മതവും അകറ്റിപ്പാർക്കുന്നതല്ല, ഒരുമിപ്പിക്കുന്നതാണെന്ന് ഈ മണ്ണ് നമ്മെ ഓർമിപ്പിക്കുന്നു**













*മുഴവൻകുടുംബാംഗങ്ങളുംമരിച്ചവീട്*

## വയനാട് ദുരന്ത പുനരധിവാസം:

# 42 കുട്ടികളുടെ തുടർ പഠനചെലവ് സി.ബി.എസ്.ഇ സ്കൂൾ കൗൺസിൽ ഏറ്റെടുക്കും

മേപ്പാടി: ഉരുൾപൊട്ടൽ ദുരന്തമുണ്ടായ ചൂരൽമല, മുണ്ടക്കൈ പ്രദേശങ്ങൾ കൗൺസിൽ ഓഫ് സി.ബി.എസ്.ഇ സ്കൂൾ കേരള ഭാരവാഹികൾ സന്ദർശിച്ചു. നാഷണൽ കൗൺസിൽ ഓഫ് സി.ബി.എസ്.ഇ സ്കൂൾസ് സെക്രട്ടറി ജനറൽ ഡോ. ഇന്ദിരാ രാജന്റെ നേതൃത്വത്തിലാണ് സംഘം ദുരന്തസ്ഥലം സന്ദർശിച്ചത്. അധികൃതരുമായും പ്രദേശവാസികളുമായും ചർച്ച നടത്തി.



വയനാട്ടിൽ ഉരുൾപൊട്ടലുണ്ടായ മുണ്ടക്കൈ പ്രദേശം കൗൺസിൽ ഒഫ് സി.ബി.എസ്.ഇ സ്കൂൾസ് കേരള ഭാരവാഹികൾ സന്ദർശിച്ചപ്പോൾ

വീടുകൾ ഉൾപ്പെടെ സർവ്വവും നഷ്ടപ്പെട്ടവരുടെ പ്രശ്നങ്ങൾ കൗൺസിൽ ഭാരവാഹികൾ ചോദിച്ചറിഞ്ഞു. തുടർന്ന് മേപ്പാടി മൗണ്ട് ടാബോർ ഇംഗ്ലീഷ് സ്കൂളിൽ സ്കൂൾ ഡയറക്ടർ സിസ്റ്റർ സലോമിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ദുരന്തം നേരിട്ട് ബാധിച്ച വിദ്യാർത്ഥികളുടെ രക്ഷിതാക്കൾ, പി.ടി.എ ഭാരവാഹികൾ, സ്കൂൾ അധികൃതർ എന്നിവർ പങ്കെടുത്തു.

11 പഞ്ചായത്തുകളിലായി വാടകവീടുകളിലാണ് നിലവിൽ വിദ്യാർത്ഥികൾ താമസിക്കുന്നത്. വീട് ഉൾപ്പെടെ സർവ്വവും നഷ്ടമായവർക്ക് ഫീസ് നൽകി വിദ്യാർഥികളുടെ പഠനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയിലാണ്. നിലവിൽ പഠനചിലവ് സ്കൂളാണ് വഹിക്കുന്നത്. ജീവിതോപാധികൾ ഒന്നും മുന്നിൽ കാണാത്ത സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ തുടർപഠനമാണ് രക്ഷിതാക്കളുടെ പ്രധാന ആശങ്ക.

ദുരന്തബാധിതരായ 42 വിദ്യാർത്ഥികളുടെ തുടർപഠനം സംബന്ധിച്ച പ്രതിസന്ധി യോഗം ചർച്ച ചെയ്തു. സ്കൂളിലെ രണ്ടു വിദ്യാർത്ഥികളുടെ ജീവൻ ദുരന്തത്തിൽ നഷ്ടപ്പെട്ടിരുന്നു. മാനസികസംഘർഷം അഭിമുഖീകരിക്കേണ്ടി വന്ന കുട്ടികൾക്ക് നിലവിൽ പഠിക്കുന്ന വിദ്യാലയത്തിൽ നിന്നു മാറുമ്പോൾ ഉണ്ടായേക്കാവുന്ന മാനസിക പിരിമുറുക്കം അവരുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുവാൻ സാധ്യതയുണ്ട്. അതിനാൽ 42 കുട്ടികളുടെയും പഠനം അതേ സ്കൂളിൽ തന്നെ തുടരുന്നതിന് ഫീസ് അടക്കമുള്ള എല്ലാവിധ സൗകര്യങ്ങളും നൽകുന്നതിന് കൗൺസിൽ ഓഫ് സി.ബി.എസ്.ഇ സ്കൂൾ കേരളയുടെ യോഗതീരുമാനം രക്ഷിതാക്കളെ അറിയിച്ചു.

കൗൺസിൽ ഓഫ് സിബിഎസ്ഇ സ്കൂൾ കേരളയുടെ സംസ്ഥാന കൺവെൻഷനിൽ കൗൺസിൽ പ്രസിഡന്റ് ഇ. രാമൻകുട്ടി വാര്യർ (ഡയറക്ടർ ഭാരതീയ വിദ്യാഭവൻ, കൊച്ചി) കേന്ദ്ര സി.ബി.എസ്.ഇ അധികൃതരുടെ സാന്നിധ്യത്തിൽ ധാരണാപത്രം സ്കൂളിന് കൈമാറും.

വിദ്യാർത്ഥികളുടെ ഭാവി സുരക്ഷിതമാക്കാൻ ഏറ്റവും മികച്ച വിദ്യാഭ്യാസം നൽകുകയാണ് പരമപ്രധാനമെന്ന് വിലയിരുത്തിയാണ് കൗൺസിൽ തീരുമാനം കൈക്കൊണ്ടതെന്ന് ഡോ. ഇന്ദിരരാജൻ പറഞ്ഞു.

ജനറൽ സെക്രട്ടറി സുചിത്ര ഷൈജിന്ത്, മേഖല ഭാരവാഹികളായ ഫാ. ജോണി കാഞ്ഞിരത്തിങ്കൽ സി.എം.ഐ (ദേവഗിരി പബ്ലിക് സ്കൂൾ കോഴിക്കോട്), നീലകണ്ഠ അയ്യർ (മാനേജർ, ശ്രീശങ്കരവിദ്യാലയ, വൈക്കം), ഫാ. സ്കറിയാ എതിരേറ്റ് സി.എം.ഐ (പ്ലാസിഡ് വിദ്യവിഹാർ സീനിയർ സെക്കൻഡറി സ്കൂൾ), സംസ്ഥാന നിർവാഹക സമിതി അംഗങ്ങളായ ഫാ. മാത്യു കരീത്തറ സി.എം.ഐ (മേരിഗിരി പബ്ലിക് സ്കൂൾ കൂത്താട്ടുകുളം), കെ. ഹാരിസ് (സി.ഇ.ഒ, സത്ഭാവന വേൾഡ് സ്കൂൾ, കോഴിക്കോട്), ഫാ. സാബു കൂടപ്പാട്ട് സി.എം.ഐ (ചാവറ പബ്ലിക് സ്കൂൾ പാലാ) ഷമീർ, (ഐഡിയൽ പബ്ലിക് സ്കൂൾ, വയനാട്) ഫാ. രാജേഷ് ജോർജ് (വിശ്വദീപ്തി പബ്ലിക് സ്കൂൾ, അടിമാലി), ഫാദർ മാത്യു കളപ്പുരക്കൽ (സിൽവർ ഹിൽസ് പബ്ലിക് സ്കൂൾ കോഴിക്കോട്), സുരേന്ദ്രൻ (ഗ്രീൻഹിൽ പബ്ലിക് സ്കൂൾ വയനാട്), ഫാ. ഷാന്റു വി. ജോസ് (ക്രൈസ്റ്റ് സി.എം.ഐ പബ്ലിക് സ്കൂൾ ഇരട്ടി, കണ്ണൂർ) എന്നിവരും പങ്കെടുത്തു.

പ്രളയം ഉൾപ്പെടെ ദുരന്തങ്ങളിൽ സി.ബി.എസ്.ഇ സ്കൂൾ മാനേജ്മെന്റുകൾ സഹായഹസ്തം നീട്ടിയിട്ടുണ്ട്. 2018ലെ പ്രളയബാധിതരുടെ പുനരധിവാസത്തിന് സ്കൂൾ മാനേജ്മെന്റുകൾ സമാഹരിച്ച 3.36 കോടിരൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയിരുന്നു.







# CBSE schools to join hands in Wayanad relief initiatives

**The Hindu Bureau**
KOCHI

The Council of CBSE Schools, Kerala, has joined hands in relief efforts in the landslide-hit areas of Wayanad.

The council handed over clothes, blankets, medical kits, essential supplies, and food items to relief camps as requested by the Wayanad District Collector. In the second phase, it will offer support to survivors, according to a letter forwarded by the council to the CBSE Chairman. A team has been entrusted with relief assistance.

The council also urged the chairman to offer additional support in the wake of the tragedy. The release said CBSE schools in the State had contributed around ₹3.8 crore to the Chief Minister's Distress Relief Fund following the deluge in 2018.









Mathrubhumi
മാതൃഭൂമി

## കൈത്താങ്ങായി സി.ബി.എസ്.ഇ. സ്കൂളുകൾ

**കൊച്ചി▸** പുനരധിവാസ ക്ഷേമപ്രവർത്തനങ്ങൾക്ക് കൗൺസിൽ ഓഫ് സി.ബി.എസ്.ഇ. സ്കൂളുകൾ നേതൃത്വം നൽകും. സി.ബി.എസ്.ഇ. കൗൺസിൽ പ്രസിഡന്റ് ഇ. രാമൻകുട്ടി വാരിയരുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം.

സ്കൂൾ മാനേജ്മെന്റുകൾ, അധ്യാപക - അനധ്യാപകർ, വിദ്യാർഥികൾ, രക്ഷിതാക്കൾ എന്നിവരുടെ പിന്തുണയോടെയായിരിക്കും പദ്ധതി നടപ്പാക്കുകയെന്ന് നാഷണൽ കൗൺസിൽ സി.ബി.എസ്.ഇ. സ്കൂൾ സെക്രട്ടറി ജനറൽ ഡോ. ഇന്ദിര രാജൻ പറഞ്ഞു. അടിയന്തര സഹായം വയനാട് ജില്ലാ ഭരണകൂടത്തിന് കൈമാറി.

03/08/2024 KOTHAMANGALAM-MUVATTUPUZHA Pg 09

# A Shoulder to Lean On, A Hand to Hold







# In Crisis, We Stand Together